I/26935/2023

**തദ്ദേശസ്വയംഭരണ വകുപ്പ്-പ്ലാനിംഗ്**
**ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,**
**ടൗൺപ്ലാനിംഗ് വിഭാഗം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.**

വിഷയം:- ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, തിരുവന ന്തപുരം - വിതുര ഗ്രാമപഞ്ചായത്ത്, വിതുര വില്ലേജിൽ - ഹസാർഡസ് ഒക്യുപൻസി-യിൽ ഉൾപ്പെടുന്ന Explosives storage Building നിർമ്മിക്കുന്നതിന് -ലേ ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- 1. വിതുര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25/02/2023, 02/05/2023 തീയതിയിലെ A5-8695/2023 നമ്പർ കത്ത്.

2. Twins Enterprises Pvt .Ltd ൻറെ 03/06/2023, 06/06/2023 എന്നീ തീയതികളിലെ അപേക്ഷകൾ മുഖേന ലഭ്യമാക്കിയ വിതുര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം.

**ഉത്തരവ് നമ്പർ: LSGD/JD/TVM//2023-P1 തീയതി01-07- 2023**

വിതുര ഗ്രാമപഞ്ചായത്തിൽ, വിതുര വില്ലേജിൽ റീസർവ്വേ നമ്പർ 1214/20-1, 1214/20-2, 920/1-1, 1214/15, 923/2-1, 923/2-3-1, 923/4-2, 923/2-2, 1214/16, 1214/19, 1214/25-5-2, 1214/25-5-5, 1214/12-1, 1214/13-1-1, 1214/13-1, 1214/14-2-1, 1214/12 , 919/1/1 എന്നിവയിൽ ഉൾപ്പെട്ട 412.78 ആർ വസ്തുവിൽ Hazardous occupancy- യിൽ ഉൾപ്പെടുന്ന Explosives storage Building നിർമ്മിക്കുന്നതിനായി Twins Enterprises Pvt.Ltdഎന്ന സ്ഥാപനം ലേ-ഔട്ട് അനുമതിയ്ക്കായി സൂചനാ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയോടൊപ്പം ലഭ്യമാക്കിയ വിതുര ഗ്രാമ പ്പഞ്ചായത്ത് സെക്രട്ടറിയുടെ 27/04/2023, 5/6/2023 എന്നീ തീയതിയിലെ A5/3151/2023 പ്രകാരമുള്ള സാക്ഷ്യപത്രങ്ങളിൽ, ട്വിൻസ് എൻറർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് വക വസ്തുവിന് മുന്നിലൂടെ കടന്നു പോകുന്ന പഴവുണ്ണിപ്പാറ- മീനാങ്കൽ റോഡിനു വിതുര ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരം 8 മീറ്റർ വീതി ഉള്ളതായും പ്രസ്തുത റോഡിൻറെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിനും ഓട നിർമ്മിക്കുന്നതിനും 8 മീറ്റർ വീതിയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനും 18/04/2023-ൽ മേമല വാർഡിൽ കൂടിയ ഗ്രാമസഭാ യോഗത്തിൽ ഐക്യകണ്ഠേന അംഗീകരിച്ച് പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതായും പഞ്ചായത്ത് കമ്മിറ്റി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് നടപ്പിലാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

സമർപ്പിക്കപ്പെട്ടിരിക്കുന്ന അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിലും, വിതുര ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രങ്ങൾ പരിഗണിച്ച് കൊണ്ടും KPBR-2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗ ത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരള പഞ്ചായത്തു കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ-2019 നും നാളിതുവരെയുള്ള

ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.

2. നിർമ്മാണസ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പു വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്ത് ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള നിയമാനുസൃത സൗകര്യം നല്കിയിരിക്കണം.
4. കെ.പി.ബി.ആർ 2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. പ്രസ്തുത വസ്തുവിൽ എർത്ത് കട്ടിംഗ് & ഫില്ലിംഗ് / എർത്ത് റീറ്റെയ്നിങ് നടത്തുന്ന പക്ഷം, സ.ഉ (സാധാ) നം 1795/2021/ത.സ്വ.ഭ.വ തീയതി 18/09/2021 പാലിച്ചു പാരിസ്ഥിതിക ആഘാതങ്ങളും സുരക്ഷാ ഘടകങ്ങളും പരിഗണിച്ചു ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി/റിപ്പോർട്ട് ലഭ്യമാക്കി, കെ.പി.ബി.ആർ-2019 ചട്ടം 10 പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചും മാത്രമേ സെക്രട്ടറി അനുമതി നൽകാവൂ.
6. പ്ലാനിൽ നൽകിയിട്ടുള്ള ആന്തരിക റോഡുകൾ വാഹന സഞ്ചാര യോഗ്യമായ ഗ്രേഡിയൻഡിൽ ഘടനപരമായ ദൃഢത ഉറപ്പു വരുത്തി ആവശ്യമായ എർത്ത് റീടൈനിംഗ് സംവിധാനങ്ങളോടെ വികസിപ്പിക്കുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
7. സുരക്ഷാ മാർഗ്ഗങ്ങൾ കണക്കിലെടുത്ത് ആവശ്യമാകുന്ന പക്ഷം സുരക്ഷാ ഭിത്തികൾ (Retaining wall) നൽകിയിട്ടുണ്ടെന്നും, Retaining wall മറ്റു അനുബന്ധ നിർമ്മാണങ്ങൾ എന്നിവയുടെ structural stability സംബന്ധിച്ചും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
8. കെ. പി.ബി.ആർ-2019, ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. നിർദിഷ്ട വസ്തുവിന് മുന്നിലൂടെ കടന്നു പോകുന്ന റോഡിന്, കെ.പി.ബി.ആർ 2019 ചട്ടം 28 പ്രകാരം പ്രസ്തുത നിർമ്മാണത്തിനാവശ്യമായ access, ഗതാഗത യോഗ്യമായി നിർമ്മിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
10. കെ.പി.ബി.ആർ 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
11. നിർമ്മാണം കെ.പി.ബി.ആർ 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം .
12. പ്രസ്തുത വസ്തുവിൽ വിതുര വില്ലേജിൽ റീ സർവ്വേ നമ്പർ 923/2-2 ൽ ഉൾപ്പെട്ട 20 cent വസ്തു wet land ആയതിനാൽ ടി സർവ്വേ നമ്പർ ഉൾപ്പെടുന്ന വസ്തുവിൽ മറ്റു നിർമ്മാണങ്ങളൊന്നുമില്ല എന്നു സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.

/2023

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**അംഗീകരിച്ച ലേ- ഔട്ട് പ്ലാൻ,നമ്പർ:21/2023,(ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

**ANJU W C**

**TOWN PLANNER (i/c)**

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്
സെക്രട്ടറി
വിതുര ഗ്രാമപഞ്ചായത്ത്.

പകർപ്പ്: 1) അപേക്ഷകൻ, (അറിവിലേയ്ക്കായി)
Sri. C. V. Sujai, Managing Director,
Twins Enterprises Pvt. Ltd.,
S S Kovil Road, Thampanoor.
2) കരുതൽ ഫയൽ
3) ഫയൽ.